
# അഹ്മദിയ്യാ പ്രശ്നം

— പണ്ഡിററ് ജവഹർലാൽ നെഹ്റു —



# അഹ്മദീയ്യാ പ്രശ്നം

പണ്ഡിററ് ജവഹർലാൽ നെഹ്റു

വിവ: എൻ. അബ്ദുർറഹീം

H. Sulaiman
Ahmadiyya Manzil
KAVASSERY 678 543

പ്രസാധകർ:
ക്രസൻററ് ബുക്ക് സെൻറർ, കണ്ണൂർ

# ആമുഖം

അഹ്മദിയ്യാ പ്രസ്ഥാനത്തെ വിമർശിച്ചുകൊണ്ടു 1935ൽ ഡോ. സർ മുഹമ്മദ് ഇഖ്ബാൽ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ എഴുതിയ ഒരു ലേഖനത്തെ തുടർന്നു പണ്ഡിററ് ജവഹർലാൽ നെഹ്റു കൽക്കത്തയിലെ 'മോഡേൺ റിവ്യൂ' (Modern Review)വിൽ 'ഇസ്ലാമിൻെറ ഐക്യം' (Solidarity of Islam) 'ഹിസ് ഹൈനസ് ആഗാഖാൻ' (His Highness AgaKhan) എന്നീ ശീർഷകങ്ങളിൽ രണ്ടു ലേഖനങ്ങളെഴുതുകയുണ്ടായി. അഹ്മദികളെ ഇസ്ലാമികവൃത്തത്തിൽനിന്നും പുറം തള്ളിക്കൊണ്ടുള്ള ഇഖ്ബാലിൻെറ സങ്കുചിതവാദങ്ങളെ പണ്ഡിററ് നെഹ്റു പ്രസ്തുത ലേഖനങ്ങളിൽ നിശിതമായി വിമർശിച്ചിരുന്നു. ഇഖ്ബാലിൻെറയും നെഹ്റുവിൻെറയും ഈ ലേഖനങ്ങൾ അക്കാലത്തു് വലിയ ഒച്ചപ്പാടുണ്ടാക്കിയിരുന്നതാണ്.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്നെതിരായി അഹ്റാരികൾ 1933ൽ ഇന്ത്യയിൽ ആരംഭിച്ച പ്രക്ഷോഭത്തിൻെറ പശ്ചാത്തലത്തിലാണ് ഈ വാദകോലാഹലങ്ങൾ നടന്നതു്. സർ ഫസ്ലെ ഹുസൈൻെറ ചരമത്തിന്നുശേഷം മുഹമ്മദ് സഫറുല്ലാഹ്ഖാനെ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ മുസ്ലിംമെമ്പറായി നിയമിക്കപ്പെട്ടതിൽപിന്നെ അഹ്മദിയ്യാ വിരുദ്ധപക്ഷത്ത് വലിയൊരുഭാഗം അഭിനയിച്ചു തുടങ്ങിയ ഡോ. മുഹമ്മദ് ഇഖ്ബാൽ അന്നു 'സ്റ്റേറ്റ്സ്മാ'നിൽ എഴുതിയ ലേഖനങ്ങൾ Islam & Ahmadism എന്ന ശീർഷകത്തിൽ

പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പിന്നീടത്തെ പതിപ്പുകളിൽ ഇഖ്ബാലിന്റെ പല പ്രസ്താവനകളും അപ്രസക്തങ്ങളോ പ്രതിഷേധാർഹങ്ങളോ ആയിക്കാണുകയാൽ നീക്കിക്കളഞ്ഞു എന്നതു ഖേദകരമായ ഒരു സത്യമാകുന്നു. എന്നാൽ, ഇഖ്ബാലിന്റെ വീക്ഷണങ്ങളെപററി നെഹ്റു പ്രകടിപ്പിച്ച അഭിപ്രായങ്ങളും അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളും വായിച്ചറിയാനുള്ള കൗതുകം സ്വാഭാവികമായും പലർക്കും ഉണ്ടാകാമെങ്കിലും അതു വിപുലമായി പ്രചരിപ്പിക്കാൻ സംഗതി വന്നിട്ടില്ല.

അഹ്മദിയ്യാപ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം ഈ യുഗത്തിലെ അത്യുന്നതപ്രതിഭാശാലകളിൽ അഗ്രിമസ്ഥാനീയനും ഒരു വലിയ ചിന്തകനും ഗ്രന്ഥകാരനുമായിരുന്ന പണ്ഡിററ് ജവഹർലാൽ നെഹ്റു വലിയ താല്പര്യം പ്രകടിപ്പിച്ച ആളായിരുന്നു എന്നതു അഹ്മദികൾക്ക് തികച്ചും അഭിമാനപൂർണ്ണമായ ഒരു കാര്യമാണ്. അഹ്മദിയ്യാപ്രസ്ഥാനം ശ്രദ്ധേയമായ ഒരു പ്രസ്ഥാനമാണെന്ന് വിശ്വസിക്കുന്നവർ ഭാവി ലോകചരിത്രത്തിലെ ഒരു വലിയ അദ്ധ്യായമായിരിക്കും അതെന്ന് കരുതുന്നവരാണ്. ഈ നിലക്ക്, ഈ കാലഘട്ടത്തിലെ ഒരു ലോകനേതാവും ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയുമായിരുന്ന നെഹ്റു ഏററവും ശ്രദ്ധേയമായ സമകാലീന സംഭവവികാസമെന്ന നിലയിൽ അഹ്മദിയ്യാ പ്രസ്ഥാനത്തെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തിരുന്നു എന്നത് ചരിത്രപ്രാധാന്യമുള്ള ഒരു വസ്തുതയാകുന്നു. 1953ൽ, പാക്കിസ്ഥാനിൽ ഉടലെടുത്ത പ്രക്ഷോഭം പാക്കിസ്ഥാന്റെ അടിത്തറയിളക്കുവാൻ ഇന്ത്യ കത്തിപ്പൊക്കിയതാണെന്ന ആരോപണമുയർന്നപ്പോൾ ഒരു പത്രസമ്മേളനത്തിൽ നെഹ്റു തന്റെ ഈ ലേഖനങ്ങളെകുറിച്ച് അനുസ്മരിക്കയുണ്ടായി. 1973ൽ, ഭൂട്ടോവിന്റെ കാലത്ത് പാക്കിസ്ഥാനിൽ അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭം പുനരാരംഭിച്ചപ്പോഴും ഈ ലേഖനങ്ങൾ ചർച്ചാവിഷയമായി. ലോകപ്രസിദ്ധമായ മുനീർ റിപ്പോർട്ടിലും ഇതിനെപററി പരാമർശിക്കപ്പെ

ട്ടിട്ടുണ്ട്. അഹ്മദിയ്യാ വിരോധം പ്രസ്ഥാനത്തിൻെറ ആരംഭം തൊട്ടുതന്നെ പ്രത്യക്ഷപ്പെട്ടിട്ടുള്ളതാകയാൽ നെഹ്റുവിനെയോ ഇന്ത്യയിലെ മററേതെങ്കിലും ദേശീയ നേതാവിനെയോ ഇക്കാര്യത്തിൽ കുററപ്പെടുത്തുന്നതു അപഹാസ്യമാണ്.

അഹ്മദിയ്യാപ്രസ്ഥാനത്തെപററി 'മോഡേൺ റിവ്യൂ' വിൽ നെഹ്റു അഭിപ്രായ പ്രകടനം നടത്തിയപ്പോൾ ഡോ. മുഹമ്മദ് ഇഖ്ബാൽ ഞെട്ടിത്തെറിക്കാതിരുന്നില്ല. നെഹ്റു ഈ മതകാര്യത്തിൽ താല്പര്യം പ്രകടിപ്പിച്ച എന്നതു അദ്ദേഹത്തെ അമ്പരപ്പിക്കുകതന്നെ ചെയ്തു. നെഹ്റു അഹ്മദിയ്യാ പ്രസ്ഥാനത്തെകുറിച്ച പഠിക്കുകയായിരുന്നുവെന്നും, ഡോ. ഇഖ്ബാലിൻെറ ആക്ഷേപങ്ങളോടൊപ്പം അഹ്മദിയ്യാ നേതാക്കൾ അതിനുനൽകിയ മറുപടികളും അദ്ദേഹം കൗതുകപൂർവ്വം ശ്രദ്ധിച്ചിരുന്നുവെന്നും കണ്ടറിഞ്ഞ ഡോ. ഇഖ്ബാൽ അതിനെപ്പററി പറഞ്ഞതു ഇപ്രകാരമാണ്:

It is hardly necessary for me to say that I welcome Pandit's interest in what I regard as one of the greatest problems of the east, and perhaps of the whole world. He is I beleive the first Indian who has expressed desire to understand the present spiritual unrest in the world of Islam. In view of the many aspects and possible reaction of the unrest it is highly desirable that thoughtful Indian political leaders should open their mind to the real meaning of what is at the present moment agitating the heart of Islam.

''പൂർവ്വപ്രദേശത്തെ ഒരു പക്ഷെ, മുഴുവൻ ലോകത്തെയും തന്നെ ഏററവും വലിയ പ്രശ്നങ്ങളിലൊന്നായി ഞാൻ കരുതുന്നതെന്തോ അതിൽ പണ്ഡിററ് കാണിച്ച താല്പര്യത്തെ ഞാൻ

സ്വാഗതം ചെയ്യുന്നു എന്നു എടുത്തു പറയേണ്ടതായിട്ടില്ല. ഇന്നു മുസ്ലിം ലോകത്ത് കാണുന്ന ആത്മീയമായ അസ്വസ്ഥതയെകുറിച്ച് മനസ്സിലാക്കാൻ ആഗ്രഹം പ്രകടിപ്പിച്ച ആദ്യത്തെ ദേശീയനേതാവ് അദ്ദേഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ അസ്വസ്ഥതയുടെ വിവിധങ്ങളായ വശങ്ങളും അവസ്സ് ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളും വച്ചുനോക്കുമ്പോൾ ചിന്തകരായ ഇന്ത്യൻ രാഷ്ട്രീയനേതാക്കൾ ഇസ്ലാമിന്റെ ഹൃദയത്തെ ഇന്നു അലട്ടിക്കൊണ്ടിരിക്കുന്നതെന്തോ അതിന്റെ ശരിയായ പൊരുൾ മനസ്സിലാക്കാൻ ശ്രമിക്കുന്നതു എത്രയും അഭിലഷണീയം തന്നെ'' (Islam and Ahamadism p. 1.)

ഇപ്രകാരം ഒരു തുറന്ന ചർച്ചക്ക് തയ്യാറായ ഇഖ്ബാൽ പിന്നീട് നെഹ്റുവിന്നെഴുതിയ ഒരു കത്തിൽ നേരെ വിപരീതമായ നിലപാട് സ്വീകരിക്കുയും താനീ ചർച്ചയിൽ തീരെ താല്പര്യമില്ലാത്തവനാണെന്നും അഹ്മദിയ്യരെ അവരുടെ മണ്ഡലത്തിൽവച്ചുതന്നെ നേരിടേണ്ടിയിരുന്നതുകൊണ്ട് ചിലതെഴുതിയെന്നേ ഉള്ളവെന്നും പ്രസ്താവിക്കയാണുണ്ടായത്. ഈ കത്ത് പണ്ഡിററ് നെഹ്റു ഒരു സുപ്രധാന രേഖയായി കരുതി സൂക്ഷിക്കുകയുണ്ടായി. പിന്നീട് പ്രസിദ്ധപ്പെടുത്തിയ A Buanch of letters ൽ അതു എടുത്തു ചേർക്കുകയും ചെയ്തു (പ്രൊഫസർ സുകുമാർ അഴീക്കോടും, തായാട്ടു ശങ്കരനും ചേർന്നു തർജ്ജമ ചെയ്ത 'ഒരുകൂട്ടം പഴയ കത്തുകൾ' നോക്കുക). ഇതോടെ അഹ്മദിയ്യാപ്രശ്നത്തിന് നെഹ്റു കല്പിച്ച ഗൌരവവും പ്രാധാന്യവും ഒരു യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു. നെഹ്റുവിന്റെ കാഴ്ചപ്പാടുകൾ ശരിയാണെന്നാണ് മുസ്ലിം രാജ്യങ്ങളിലെ പ്രത്യേകിച്ചും പാക്കിസ്ഥാനിലെ അനന്തര രാഷ്ട്രീയ സംഭവവികാസങ്ങൾ തെളിയിച്ചു കാണിച്ചത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ രാഷ്ട്രീയത്തിൽ മാത്രമല്ല, മുസ്ലിം ലോകത്തിന്റെ ചിന്താധാരയിലും അഹ്മദിയ്യാ പ്രശ്നം അതിന്റേതായ പ്രഭാവം ചെലുത്തുക തന്നെ ചെയ്തു.

1973ൽ, ഭൂട്ടോവിൻെറ നേതൃതപത്തിൽ പാകിസ്ഥാൻ നേഷനൽ അസംബ്ലി അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഭരണഘടനാ ഭേദഗതി പാസ്സാക്കിയപ്പോൾ ലോകരാഷ്ട്രീയ ചരിത്രത്തിൽ അതൊരു അത്ഭുത സംഭവമായിരുന്നു! അഹ്മദികളെ ''നിയമത്തിന്നു് വേണ്ടി'' (for the sake of law) അമുസ്ലിംകളായി പ്രഖ്യാപിച്ചതിനെ തുടർന്നു അഹ്മദികൾ മുസ്ലിംകളായി പ്രത്യക്ഷപ്പെടാൻ പാടില്ലെന്ന നിലയിൽ, അവരുടെ ആട്ടവും അനക്കവും അവരുടെ വേഷവും അവരുടെ ധ്യാനവും ചിന്തയും എല്ലാം ''അമുസ്ലിം''ആക്കി മാററാനുള്ള ഭ്രാന്തുപിടിച്ച നീക്കങ്ങളാണ് ഭരണ സംവിധാനത്തിൻെറ സഹായത്തോടുകൂടി അവിടെ നടന്നുപോരുന്നതു്. ഒരുപക്ഷെ ഇരുപതാംനൂററാണ്ടിലെ രാഷ്ട്രീയചരിത്രത്തിൽ ഏററവും വലിയ പുതുമ ഇതായിരിക്കും! പട്ടാള ശക്തിയുടെ ഊററത്തിൽ സിയാ സർക്കാർ ഏററവും പൈശാചികമായരീതിയിൽ അതവിടെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കയാണ്. ഇങ്ങേയററം, 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി' എന്ന കലിമ അഥവാ ഇസ്ലാമിൻെറ അടിസ്ഥാനമന്ത്രം അവർ ഉച്ചരിക്കുന്നതും പ്രദർശിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും കുററകരമാക്കിയിരിക്കുന്നു. ഈ ഉത്തരവിൻെറ പേരിൽ ആയിരക്കണക്കിൽ അഹ്മദികൾ തുറുങ്കിൽ അകപ്പെടുകയുണ്ടായി. തങ്ങളുടെ പള്ളിയും ആരാധനയും സംരക്ഷിക്കാൻ ശ്രമിച്ചതിൻെറ പേരിൽ 4 അഹ്മദികളെ തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുകയാണവിടെ. 'അല്ലാഹു അഹദ്'' എന്നു പറഞ്ഞതിന്നു മക്കാമരുഭൂമിയിലെ ചുട്ടുപഴുത്ത മണലിൽ കിടത്തി ബിലാലിനെ ഭേദ്യം ചെയ്തിരുന്നു. അതു ഇന്നു പാകിസ്ഥാനിൽ ആവർത്തിക്കപ്പെടുകയാണ്! ചുരുക്കത്തിൽ, അഹ്മദികളെ അമുസ്ലിംകളായി കണക്കാക്കുന്നതിൻെറ രാഷ്ട്രീയവും രാഷ്ട്രാന്തരീയവുമായ പ്രത്യാഘാതങ്ങളെ പണ്ഡിററ് ജവഹർലാൽ

നെഹ്റു മുൻകൂട്ടി നോക്കിക്കണ്ടു. അദ്ദേഹം പ്രതീക്ഷിച്ചതിന്നനുസരിച്ചുതന്നെ ഇന്ത്യൻ ഭൂഖണ്ഡത്തിൽ ഈ സങ്കുചിതത്വത്തിന്റെ പ്രതികരണങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. പാക്കിസ്ഥാനിൽ ജനാധിപത്യം തകർന്നതിന്റെ ആദ്യത്തെ അടിസ്ഥാനകാരണം അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭമായിരുന്നു. തുടർന്നു അവിടം പട്ടാളത്തിന്റെ പിടിയിലകപ്പെട്ടു. ജനാധിപത്യത്തിന്റെ കാഹളം മുഴക്കിയ ഭുട്ടോവും മതഭ്രാന്തന്മാർക്ക് മുമ്പിൽ മുട്ടുകുത്തി അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിക്കയാണ് ചെയ്തത്. തുടന്ന് ഭുട്ടോ ചരിത്രത്തിന്റെ ചവററുകൊട്ടയിലെറിയപ്പെടുകയും പാക്കിസ്ഥാൻ വീണ്ടും സൈനികപിടിയിൽ അമരുകയുമുണ്ടായി.

പണ്ഡിററ് നെഹ്റുവും കുടുംബവും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേരെ സ്വാതന്ത്ര്യത്തിന്നു മുമ്പും പിമ്പും ഉദാരവും ആദരാന്വിതവുമായ നി ല പാ ടാ ണ് സ്വീകരിച്ചുപോന്നത്. ഇഖ്ബാലിന്റെ ലേഖനങ്ങൾക്ക് നെഹ്റു മറുപടി എഴുതിയപ്പോൾ അഹ്മദികൾ ഹർഷപുളകംകൊണ്ടു എന്നത് നേരാണ്. അഹ്മദികളുടെ ഖലീഫ നെഹ്റുവെ ആദരിക്കയും പ്രശംസിക്കുകയും ചെയ്തു. അഹ്മദികളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന 'ആൾ ഇന്ത്യാ നേഷനൽ ലീഗ്'' എന്ന രാഷ്ട്രീയ സംഘടന 1936ൽ പണ്ഡിററ് നെഹറുവിന്നു ലാഹോറിൽ അത്യുജ്ജ്വലമായ സ്വീകരണം സംഘടിപ്പിക്കയുമുണ്ടായി. ഈ ഘട്ടത്തിൽ ചെയ്ത ഒരു ഖുത്ബാ പ്രസംഗത്തിൽ അഹ്മദിയ്യാ ഖലീഫ ഹസ്രത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇപ്രകാരം പറഞ്ഞു:

''അഹ്മദികളെ മുസ്ലിം വൃത്തത്തിൽ നിന്നു പുറംതള്ളണമെന്നു ആവശ്യപ്പെട്ടു ഡോ: ഇഖ്ബാൽ ലേഖനങ്ങൾ എഴുതിയപ്പോൾ അഹ്മദിയ്യത്തിനെതിരായ ഡോ: ഇഖ്ബാലിന്റെ ആക്ഷേപങ്ങൾ, യുക്തിരഹിതങ്ങളാണെന്നും ഇഖ്ബാലി

ന്റെതന്നെ മുൻപ്രസ്താവനകൾക്കും പ്രഖ്യാപിതതത്വങ്ങൾക്കും വിരുദ്ധമാണെന്നും സ്ഥാപിച്ചുകൊണ്ട് പണ്ഡിററ് ജവഹർലാൽ നെഹറു അതിന്നു മറുപടി എഴുതുകയുണ്ടായി. അത്തരം ഒരാൾക്ക് അദ്ദേഹം ലാഹോറിൽ അതിഥിയായി വരുമ്പോൾ അഹ്മദികൾ സ്വീകരണം നൽകുന്നത് ഏററവും ഉചിതമായിരിക്കുന്നു.'' (രുത്ബ, ജൂൺ, 5, 1936).

1942ൽ അഹ്മദിയ്യാ ഖലീഫ ആദ്യമായി 'സർവ്വമതാചാര്യർദിന'യോഗങ്ങൾ സംഘടിപ്പിച്ചപ്പോൾ അത് സംബന്ധിച്ച് 'റിവ്യൂ ഓഫ് റിലീജ്യൺസ്'' എന്ന ഉറുദു മാസികക്ക് നല്കിയ ഒരു സന്ദേശത്തിൽ നെഹ്റു ഇപ്രകാരം പറയുകയുണ്ടായി:

''വിവിധമതങ്ങളിലെ ധാർമ്മികപാഠങ്ങളുടെ ഐക്യത്തെ ഊന്നിപ്പറയുന്നതും വ്യത്യസ്ത മതാനുയായികൾക്കിടയിൽ നടക്കുന്ന വടംവലികൾ ഇല്ലാതാക്കുന്നതുമായ ഏത് ശ്രമവും നല്ലവരായ എല്ലാവരുടെയും സഹാനുഭാവവും സഹകരണവും അർഹിക്കുന്നതാകുന്നു'' (റിവ്യൂ ഓഫ് റിലീജ്യൺസ്, 1940 ജനുവരി).

മതപരമെങ്കിലും ധാർമ്മികവും സാംസ്കാരികവുമായ അടിയൊഴുക്കുകൾ കണ്ടറിയാനുള്ള ശ്രമത്തിൽ നെഹ്റു അഹ്മദിയ്യാ പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ സമയം കണ്ടെത്തി.

യേശുക്രിസ്തു കുരിശുമരണത്തിൽനിന്ന് രക്ഷപ്പെട്ടശേഷം കശ്മീരിൽവച്ച് 120-ാം വയസ്സിൽ ചരമം പ്രാപിച്ചു എന്നു വിശ്വസിക്കുന്നവരാണ് അഹ്മദികൾ. ക്രിസ്തു, മദ്ധ്യേഷ്യ, ലഡാക്ക്, കശ്മീർ മുതലായ പ്രദേശങ്ങളിൽ പര്യടനം നടത്തി എന്നു വിശ്വസിക്കുന്നവർ ഉണ്ടെന്നും അദ്ദേഹം അപ്രകാരം പര്യടനം നടത്തി എന്നു കരുതുന്നതിൽ അസാംഗത്യമൊന്നും ഇല്ലെന്നും 'വിശ്വചരിത്രാവലോക'ത്തിൽ എഴുതിയ ആളാണ് നെഹ്റു എന്ന വസ്തുതകൂടി ഞങ്ങൾ ഇവിടെ അനുസ്മരിച്ചുകൊള്ളുന്നു.

വിശ്വമഹാകവി ഡോ. മുഹമ്മദ് ഇഖ്ബാൽ അഹ്മദി കളെ ഇസ്ലാമിക വൃത്തത്തിൽനിന്നു് പുറംതള്ളാൻ നിർദ്ദേശിച്ചതു ശരിയാണെങ്കിൽ ആഗാഖാനികളെയും ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾക്കു് വിപരീതമായി ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യു മററു വിഭാഗങ്ങളെയും ഇസ്ലാമിന്റെ ഐക്യനിരയിൽ ഉൾപ്പെടുത്തുന്നതെങ്ങനെയെന്ന നെഹ്റുവിന്റെ ചോദ്യത്തിന്നു് മുസ്ലിംബുദ്ധിജീവികൾ മറുപടി പറയേണ്ടതുണ്ടു്. നെഹറുവിന്റെ ഈ ലേഖനങ്ങളുടെ വെളിച്ചത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തെക്കുറിച്ചു് പഠിച്ചറിയാൻ ഞങ്ങൾ സഹൃദയരെ സവിനയം ക്ഷണിച്ചുകൊള്ളുന്നു!

—പ്രസാധകന്മാർ.

I

# ഇസ്ലാമിന്റെ ഐക്യദാർഢ്യം

കുറച്ചു മുമ്പ് ഇസ്ലാമിന്റെ ഐക്യദാർഢ്യത്തെപററിയുള്ള സർ മുഹമ്മദ് ഇഖ്ബാലിന്റെ ഒരു ലേഖനം ഞാൻ വളരെ കൗതുകപൂർവ്വം വായിക്കുകയുണ്ടായി. എനിക്കു മനസ്സിലാക്കാൻ പ്രയാസം തോന്നാറുള്ള ഒരു ലോകത്തേയ്ക്കു് ഉൾക്കാഴ്ച നൽകുന്നു എന്നതിനാൽ സർ മുഹമ്മദിന്റെ എഴുത്തുകൾ എന്നെ എപ്പോഴും ആകർഷിച്ചുപോന്നിട്ടുണ്ട്. മതത്തെയും മതപരമായ വീക്ഷണത്തെയും സംബന്ധിച്ചേടത്തോളം ഞാൻ തികച്ചും പുറത്തുള്ള അന്ധകാരത്തിലാണ് ജീവിക്കുന്നത്. പക്ഷെ, ഈ കുറവ് എനിക്കുണ്ടെന്നിരുന്നാലും, മതത്തിന്റെ ചരിത്രപരവും സാംസ്കാരികവും മാത്രമല്ല ദാർശനികവുകമായ വശങ്ങളിൽ ഞാൻ വേണ്ടുവോളം താല്പര്യമുള്ളവൻ തന്നെയാണ്.

സർ മുഹമ്മദ് തന്റെ ലേഖനത്തിൽ, അഹ്മദികൾക്കും യാഥാസ്ഥിതിക മുസ്ലിംകൾക്കും ഇടയിൽ സംസൃഷ്ടമായ പ്രശ്നത്തെ വിവരിക്കുകയും മാതൃസമുദായത്തിന്റെ അവിച്ഛിന്നതയെ ബാധിക്കുന്നതും ''അതിപ്രധാന''വും ആയ ഒരു പ്രശ്നമായി ഇതിനെ പരിഗണിക്കുകയും ചെയ്തിരിക്കുന്നു. അഹ്മദി

കം ഇസ്ലാമിൻെറ അടിസ്ഥാനപരമായ ഒരു ആശയത്തെ—പ്ര വാചകത്വ സമാപ്തിയെ—കൈവെടിഞ്ഞിരിക്കുന്നുവെന്നും പുരാതന യഹൂദമതത്തിലേയ്ക്കും ഇസ്ലാമിന്നുമുമ്പുള്ള മജൂസിസംസ്ഥാരത്തിലേയ്ക്കും തിരിച്ചുപോയിരിക്കുന്നുവെന്നും അത്രെ അദ്ദേഹത്തിൻെറ പക്ഷം. ആകയാൽ, ഈ 'കലഹിക്കുന്ന വിഭാഗ'ത്തെ അതിൻെറ വിനാശന പ്രചാരവേല തുടരാൻ വിടരുതെന്നും ഒരു പരിതഃസ്ഥിതിയിലും അവരെ മുസ്ലിംകളുടെ കപടവേഷം ധരിക്കാൻ അനുവദിക്കരുതെന്നും അത്രെ അദ്ദേഹം അഭിപ്രായപ്പെടുന്നത്. അഹ്മദിയ്യാ നേതാക്കന്മാർ സർ മുഹമ്മദിൻെറ വാദഗതികളെ അംഗീകരിച്ചിട്ടില്ല. അവർ അദ്ദേഹത്തിൻെറ ചില പ്രസ്താവനകളെ ചുറുചുറുക്കോടെ ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു,

സർ മുഹമ്മദിൻെറ ലേഖനം ഒട്ടധികം പ്രശ്നങ്ങളെ ഉയർത്തുകയും പല ഭാഗത്തേയ്ക്കും സമഗ്രമായി ചിന്തിയ്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം തൻെറ ചില തത്വങ്ങളെ ഇനിയുള്ള എഴുത്തുകളിൽ വിശദീകരിക്കുമെന്നു ഞാൻ ആശിക്കുന്നു. അവ പൂർണ്ണമായും ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങളാണ്. തല്ക്കാലം ഞാൻ അദ്ദേഹത്തിൻെറ വാദത്തിലെ ഒരൊററ വശത്തെപ്പററി മാത്രമെ പരാമർശിക്കുന്നുള്ളു. ഇസ്ലാമികവീക്ഷണമനുസരിച്ചു ഈ ന്യായവാദങ്ങളുടെ സ്വീകാര്യാസ്വീകാര്യതകളെകുറിച്ചു ഒരഭിപ്രായം പറയാൻ ഞാനാളല്ല. അതു മുസ്ലിം പണ്ഡിതന്മാരുടെ കാര്യമാണ്. സർ മുഹമ്മദ് എൻെറ പക്കൽ ഇസ്ലാംമതത്തിലെ ആദരണീയനായ ഒരാധികാരികവക്താവത്രെ. യാഥാസ്ഥിതിക വീക്ഷണഗതിയ്ക്ക് അദ്ദേഹം ശരിക്കും പ്രതിനിധീഭവിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു.

അങ്ങനെയാണെങ്കിൽ, കമാൽ അത്താതുർക്കിൻെറ കീഴിലുള്ള തുർക്കി ഇസ്ലാമികം എന്ന വാക്കിൻെറ ഒരർത്ഥത്തിലും

സ്സിലാക്കുന്നു. പൗരാണികമായ സത്യതത്വങ്ങൾക്ക് പുതിയ
പുടയാടകൾ അണിയിക്കാൻ പണിപ്പെട്ട മതപരിഷ്കർത്താ
ക്കളുടെ ശക്തിമത്തായ സ്വാധീനത്തിന്നടിപ്പെട്ടവരാണ്
ഈജിപ്ത്കാർ. എന്നാൽ, ഈ പരിഷ്കരണപ്രവണതയെ സർ
മുഹമ്മദ് അംഗീകരിക്കുന്നില്ലെന്നു കരുതേണ്ടിയിരിക്കുന്നു.
സിറിയയിലെയും പലസ്തീനിലെയും അറബികൾ ഏറക്കുറെ
ഈജിപ്ഷ്യൻ ചിന്താഗതികളെ അനുകൂലിക്കുന്നവരും ഭാഗി
കമായി തുർക്കിയുടെ മാതൃകയാൽ പ്രഭാവിതരായിരിക്കുന്നവരു
മത്രെ. ഈറാൻ വ്യക്തമായും ഇസ്‌ലാമിന്നു മുമ്പുള്ള മജൂസിക
ളുടെ (Magian) പ്രഭാവകാലത്തിൽനിന്നാണ് സാംസ്കാരിക
മായ ഉത്തേജനം തേടുന്നത്. ഈ രാജ്യങ്ങളിലെല്ലാം, അതേ
പശ്ചിമേഷ്യയിലും മദ്ധ്യേഷ്യയിലുമുള്ള ഈ ഓരോ രാജ്യത്തി
ലും ദേശീയ ചിന്താഗതി പലപ്പോഴും സ്വച്ഛവും യാഥാസ്ഥിതി
കവുമായ വീക്ഷണങ്ങളെ ബലികഴിച്ചുകൊണ്ടുതന്നെ, വളർന്നുവ
രികയാണ്. ഇസ്ലാം വർഗ്ഗപരമായ ആശയത്തെ (ഭൂമിശാസ്ത്ര
പരമായ ഒരാശയമാണിതെന്നു സമ്മതിച്ചുകൊള്ളാം) നിരാക
രിക്കുന്നുവെന്നും മതപരമായ ഒരടിസ്ഥാനത്തിൽ മാത്രം കാലു
റപ്പിക്കുകയാണ് ചെയ്യുന്നതെന്നും സർ മുഹമ്മദ് പറഞ്ഞുത
രുന്നു. എന്നാൽ, പശ്ചിമേഷ്യയിലെ ഇസ്ലാമിക രാജ്യങ്ങളി
ലെല്ലാം ഇന്നു വർഗ്ഗപരിഗണനകളും ഭൂമിശാസ്ത്രപരമായ വിഭാ
വനകളും സർവ്വശക്തിത്വം നേടിയിരിക്കുന്നതായിട്ടാണ് കാ
ണുന്നത്. തുർക്കി തുറാനിയൻ വർഗ്ഗത്തിൽ അഭിമാനം കൊ
ള്ളുന്നു. ഈറാനി അവൻെറ പൗരാണികമായ വംശീയ പാര
മ്പര്യങ്ങളിലും. ഈജിപ്ത്കാരനും സിറിയക്കാരനും, (അപ്പോ
ലെതന്നെ പലസ്തീൻകാരും ട്രാൻസ്ജോർഡാൻകാരും ഇറാ
ഖ്കാരും) മുസ്ലിംകളും കൃസ്ത്യാനികളുമായ അറബികൾ പങ്കാ
ളികളായിരിക്കുന്ന അറബ് ഐക്യത്തെ സ്വപ്നം കാണുന്ന
വരാണ്.

ഇതെല്ലാം വ്യക്തമാക്കിത്തരുന്നത് സർ മുഹമ്മദ് ഊന്നി
പ്പറയുന്ന ആ ഇസ്‌ലാമികൈക്യാദർശത്തിൽനിന്നും ഈ രാഷ്ട്ര
... അകലത്തോളം വഴുതിപ്പോയിരിക്കുന്നുവെന്നാ

ണല്ലോ. അപ്പോൾ ഈ ഐക്യം ഇന്ന എവിടെയാണ് സ്ഥി തിചെയ്യുന്നത്? മദ്ധ്യേഷ്യയിൽ ആ ഐക്യമില്ല. സോവി യററ് വിഭാഗത്തിലാണെങ്കിൽ യാഥാസ്ഥിതികത്വത്തിൽനി ന്നുള്ള ഈ വിട്ടൊഴിയൽ ഏറെ വിപുലമാണ്. ചൈനീസ് വിഭാഗത്തിൽ ദേശീയവും (തുറാനിയൻ) സോവിയററും ആയ ചിന്താഗതികൾക്കാണ് പ്രാബല്യം. അഫ്ഘാനിസ്ഥാനും അറേബ്യയും ഏഷ്യയിൽ സ്ഥിതിചെയ്യുന്ന രാജ്യങ്ങളാണ്. ഈജിപ്ത് കൂടാതെ വടക്കെ ആഫ്റിക്കയിൽ ഒട്ടധികം ഇസ്ലാ മിക രാജ്യങ്ങൾ വേറെയും ഉണ്ട്. മതപരമായ ഐക്യത്തി ൻെറ ഈ യാഥാസ്ഥിതിക വീക്ഷണം എത്രകണ്ട അവിടങ്ങ ളിൽ ബലത്തിലിരിക്കുന്നു എന്നു എനിക്കറിഞ്ഞുകൂടാ! എ ന്നാൽ അവിടങ്ങളിലും ദേശീയ ചിന്താഗതികൾ തുളച്ചുകടന്നി ട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ മനസ്സിലാക്കിത്തരുന്നത്. ദേശീ യവാദവും ഇസ്ലാമിൻെറ ഐക്യവും ഒന്നിച്ചുപോകുന്നതല്ല. ഒന്നു മറെറാന്നിനെ ബലഹീനമാക്കുന്നു.

സർ മുഹമ്മദിൻെറ വീക്ഷണമനുസരിച്ചു ഇസ്ലാമിക ലോകത്തിലെ ഈ സ്ഥിതിവിശേഷം പരിതാപകരം തന്നെ യാണ്! അഹ്മദികളെ സംബന്ധിച്ച പ്രശ്നം, അതെത്ര ഗുരു തരമാണെന്നു അദ്ദേഹം കരുതിയാലും ഇന്നത്തെ ലോകസംഭവ വികാസങ്ങളുടെ മുമ്പിൽ താരതമ്യേന അപ്രധാനതയിലേയ്ക്കു താണുപോകുന്നു. 'ഖാദിയാനി ഭീഷണി' (Qadiani Menace) യെ നേരിടാനായിട്ടുതന്നെ, പഞ്ചാബിൽ ഒരു യഥാർത്ഥ നേതാ വു രംഗത്ത് വരേണ്ടതിൻെറ ആവശ്യകതയെ അദ്ദേഹം ഊന്നി പ്പറയുന്നു. ഇന്ത്യൻ മുസ്ലിംകളുടെ നേതാവ് ആഗാഖാനാണ് പോലും! സർ മുഹമ്മദ് ഇഖ്ബാലിൻെറ നിർവ്വചനപ്രകാര മുള്ള ഇസ്ലാമികൈക്യത്തിന്നുവേണ്ടി നിലകൊള്ളുന്ന ആളാ ണോ ആഗാഖാൻ?

ഈ പ്രശ്നങ്ങളെല്ലാം ഒരുമുസ്ലിമിന്നുപോലും പ്രാധാന്യ മുള്ളതത്രെ. എന്തെന്നാൽ, ഇന്ത്യൻ മുസ്ലിംകളുടെ രാഷ്ട്രീയ വും സാമൂഹ്യവും സാമ്പത്തികവുമായ പുനസ്സംവിധാനവും

നമ്മിൽ പലരും താല്പര്യം പുലർത്തുന്ന ആധുനികമായ ആശയഗതികളുടെയും വിചാരധാരയുടെയും നേർക്കുള്ള അവരുടെ പ്രതികരണങ്ങളും ഈ പ്രശ്നങ്ങളുടെ സമുചിതമായ മറുപടികളെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു. ഇസ്ലാം ഒരു ലോകസമുദായമായിരിക്കുന്നതിനാൽ (World Community) ആ ഐക്യമനോഭാവം നിലനിർത്തണമെങ്കിൽ, അതിൻെറ നയവും സാർവ്വലൌകികമായിരിക്കേണ്ടതുണ്ട്. ഓരോ രാജ്യവും വിഭാഗവും അഭിമുഖീകരിച്ചിരിക്കുന്ന ദേശീയവും സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളെ നേരിടുന്നതിനു അനുവർത്തിക്കേണ്ട നയത്തെകുറിച്ചു സർ മുഹമ്മദ് എന്തെങ്കിലും ഒരു സൂചന നൽകേണ്ടിയിരിക്കുന്നു.

അദ്ദേഹം തൻെറ ലേഖനത്തിൽ നല്കുന്ന ഒരേ ഒരു സൂചന നിഷേധപരമായിട്ടുള്ളതാണ്. അതായതു, മതപരിഷ്കർത്താക്കളെയെല്ലാം അടിച്ചമർത്തണമെന്ന്. ഇക്കാര്യത്തിൽ താൻ യാഥാസ്ഥിതിക ഹിന്ദുക്കളുമായി തികച്ചും യോജിക്കുന്നുവെന്നു അദ്ദേഹം നമ്മോടു പറയുന്നു. മതപരിഷ്കരണം എല്ലാ സാമൂഹ്യ പരിഷ്കരണങ്ങളെയും ഉൾക്കൊള്ളുന്നതാണെന്നത്രെ വെപ്പ്. പഞ്ചാബിൽ ഇസ്ലാമിൻെറ ഐക്യത്തെ ബാധിക്കുന്നു എന്നതിനാൽ ഉൾനാടൻ മുസ്ലിംകളും നഗരമുസ്ലിംകളും തമ്മിലുള്ള ഭിന്നതകൾ അവസാനിപ്പിക്കണമെന്നുള്ള പ്രാന്തീയമായ ഒരു നിർദ്ദേശവും അദ്ദേഹം നല്കുന്നുണ്ട്. മുസ്ലിംകളിൽ ചിലർ കൃഷിക്കാരും ചിലർ പാട്ടവും പുറപ്പാടും ആശ്രയിച്ചു ജീവിക്കുന്ന ജന്മിമാരും ആണ്. ചിലർ നഗരവാസികളായ ഉദ്യോഗമേധാവികളും ബേങ്കർമാരും കലാകാരന്മാരും വ്യവസായ പ്രമുഖന്മാരും തൊഴിലാളരും അത്രെ. ചിലർക്കു ജീവിതത്തിലെ നല്ല വസ്തുക്കളെല്ലാം സമൃദ്ധിയായി ലഭിക്കുന്നു. ബാക്കിയുള്ളവർക്കു പട്ടിണിയും പാടും. ഒരു പക്ഷെ, ഈ വസ്തുത ഇനിയും നിലനില്ക്കും. ഇതൊന്നും ഇസ്ലാമികൈക്യത്തിനു ഹാനികരവുമല്ല.

ഈ ഇസ്ലാമികൈക്യത്തെയും അവിച്ഛിന്നതയെയും ശക്തിപ്പെടുത്താനെന്നോണം അടുത്തു സ്ഥാപിതമായ സർ മുഹമ്മദ് ഇഖ്ബാൽ അംഗമായിരിക്കുന്ന 'പീർമാരുടെയും മുസ്ലിം നേതാക്കളുടെയും കൗൺസി' (Council of Peers and Muslim Leaders) ലിന്റെ ലക്ഷ്യം ഇതായിരിക്കാം! ബ്രിട്ടീഷ് പ്രഭു സഭയിലെ കൃസ്ത്യൻ മെമ്പർമാർ ഇസ്ലാമിന്റെ അഭിവൃദ്ധിയിലും ഐക്യത്തിലും ഇത്രമാത്രം താല്പര്യാലുക്കളായിരിക്കുന്നുവെന്ന സംഗതി പുറത്തുള്ള ഒരുത്തന്നു തുലോം രസകരമായിത്തോന്നുന്നു! എന്നാൽ, ഈ കൗൺസിൽ രൂപീകരണത്തെത്തുടർന്നു ലണ്ടനിൽ നടന്ന ക്ലാരിഡ്ജ്സിലെ ലഞ്ചിൽ ''ആംഗ്ലോ-മുസ്ലിം ഐക്യതത്വ''ത്തെ ആഗാഖാൻ വിശദീകരിക്കുകയുണ്ടായത്രെ! *ഈ രണ്ടു ഐക്യങ്ങളും ഒന്നിലൊന്നു ലയിച്ചു ഒടുവിൽ വിപുലവും സർവ്വാംഗീണവുമായ ഐക്യമായിത്തീരുമായിരിക്കാം. ഇതൊക്കെ വളരെ കുഴങ്ങിമറിഞ്ഞ കാര്യങ്ങളായി കാണപ്പെടുന്നു. സർ മുഹമ്മദ് ഇതു വിശദീകരിച്ചു തന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്.

(Solidarity of Islam"–Modern Review, Culcutta, 1934 November).

---

*ഇസ്ലാമിന്റെ നിലനില്പിനുവേണ്ടി ബ്രിട്ടീഷുകാരും മുസ്ലിംകളും കൈകോർത്തുപിടിക്കണമെന്നു ഘോഷിച്ചവർ അഹ്മദികളല്ല ഇഖ്ബാലും ആഗാഖാനും മററുമാണ്, എന്നിട്ടും അഹ്മദികളെ ബ്രിട്ടന്റെ ഏജന്റുമാരാണെന്നു ഇക്കൂട്ടർ ഘോഷിക്കുന്നു!

—പരി.

II

# ഹിസ് ഹൈനസ് ആഗാഖാൻ

ഇസ്ലാമിൻെറ ഐക്യത്തിന്നുവേണ്ടിയുള്ള സർ മുഹമ്മദ് ഇക്ബാലിൻെറ ഹൃദയപൂർവ്വമായ ആഹ്വാനവും ഛിദ്രവാസനകൾക്ക് നേരെയുള്ള അദ്ദേഹത്തിൻെറ പ്രതിഷേധവും കണ്ടപ്പോൾ ഇതിൻെറ അതിർത്തി എവിടെ നിന്നാണ് ആരംഭിക്കുന്നതെന്ന് ഞാൻ ആശ്ചര്യപ്പെടുകയായിരുന്നു. ആഗാഖാൻ ഇന്ത്യൻ മുസ്ലിംകളുടെ അത്യുന്നതനേതാവായിട്ടാണ് കരുതപ്പെടുന്നത്, ഗവണ്മെൻറും അദ്ദേഹത്തെ അപ്രകാരംതന്നെ കരുതുകയും അദ്ദേഹത്തോടു അതിനൊത്തവണ്ണം പെരുമാറുകയും ചെയ്യുന്നു. യാഥാസ്ഥിതിക മുസ്ലിംകൾ വിഷമങ്ങൾ നേരിടുമ്പോഴെല്ലാം അദ്ദേഹത്തിൻെറ ചിറകിനുള്ളിലാണ് അഭയം കണ്ടെത്താറുള്ളത്. സർ മുഹമ്മദ് തന്നെയും അദ്ദേഹത്തിൻെറ രാഷ്ട്രീയപതാകക്കു് കീഴിലാണ് അണിനിരക്കുന്നതെന്നു വേണം പറയാൻ. യാഥാസ്ഥിതിക ഇസ്ലാമിൻെറയും അതിൻെറ ഐക്യ ദാർഢ്യത്തിൻെറയും വീക്ഷണകോടിയിൽ രാഷ്ട്രീയം, സാമൂഹ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നിവ മതത്തിൽനിന്നു് വേർപെടുത്താനാകാത്തവയാണ്. ആകയാൽ, ആഗാഖാനെ ഈ ഐക്യത്തിൻെറയും മതവിശ്വാസപരമായ ഏകീഭാവത്തിൻെറയും മാതൃകാപ്രതിനിധിയായി കരുതേണ്ടിയിരിക്കുന്നു.

ഇതെല്ലാം ഇങ്ങനെയൊക്കെത്തന്നെയാണോ എന്നു എനിക്കറിഞ്ഞുകൂടാ. വിവരമുള്ളവർ വിശദീകരിച്ചുതന്നാലുപകാരം! അദ്ദേഹം യാഥാസ്ഥിതികത്വത്തിൻെറ ഉൾച്ചേരിയിൽ ഉൾപ്പെടുന്ന ആളല്ലെന്ന ഒരവ്യക്ത ധാരണയാണ് വളരെക്കാലമായി ഞാൻ പുലർത്തിവന്നിട്ടുള്ളത്. പരസ്പരവിരുദ്ധങ്ങളായ ഗുണങ്ങളെ ഔദാര്യപൂർവ്വം ആവാഹിച്ച് അവയെ അന്യോന്യം ഇണക്കിച്ചേർക്കുകയും, ഒരിക്കലും പൊരുത്തപ്പെ

ടാത്ത വൈവിധ്യമാന്ന പ്രവത്തനങ്ങളിലെല്ലാം പങ്കെടുക്കു കയും ചെയ്യുന്ന തുലോം ആശ്ചര്യകരമായ അദ്ദേഹത്തിൻെറ രീതിവിശേഷങ്ങൾ എന്നിൽ മതിപ്പുളവാക്കാതിരുന്നിട്ടില്ല. അദ്ദേഹം വിശ്വവ്യാപകമായ ഒരു സമ്പന്നവിഭാഗത്തിൻെറ ആദ്ധ്യാത്മികനേതാവാണെന്നു മാത്രമല്ല മിക്കവാറും എല്ലാ ദൈവീകഗുണങ്ങളും അനുയായികൾ അദ്ദേഹത്തിൽ ആരോപിച്ചിരിക്കുയുമാണെന്നാണ് എൻെറ അറിവ്. വിശ്വാസിക ളിൽനിന്നു മതസഭ മുഖേനയുള്ള വമ്പിച്ചൊരു വരുമാനവും അദ്ദേഹത്തിന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ആത്മീയാനുകൂ ല്യങ്ങളും പാപമോചനവും അനുവദിക്കുന്നതാണത്രെ അദ്ദേഹ ത്തിൻെറ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നു! പഴയ ലോക ത്തിലെ ഇത്തരം സമ്പ്രദായങ്ങൾ ഇന്നും പിരിമുറുക്കത്തോടെ കൊണ്ടുനടക്കുന്നതു കാണാൻ ബഹുരസമുണ്ട്! എന്നാൽ, ഇത്തരം സമ്പ്രദായങ്ങളെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഈ ആദ്ധ്യാത്മികനേതാവുണ്ടല്ലൊ അദ്ദേഹം ആധു നികരിൽ ആധുനികനാണെന്നുള്ളതാണ് ഏറെ ശ്രദ്ധേയമായ വസ്തുത! പാശ്ചാത്യരീതിവീക്ഷണങ്ങളിൽ അതിപരിഷ്കാരി, കുതിരപന്തയത്തിലെ രാജകുമാരൻ, ലണ്ടനും പാരീസും സ്വന്തം ഗൃഹമാക്കി മാററിയ ആൾ! ഈ ഭാരദ്വയവുംപേറി നടക്കാൻ അത്ഭുതാവഹമായ വ്യക്തിവിലാസംതന്നെ വേണം, ആഗാഖാനാകട്ടെ, ഇതു നിരായാസം നിർവ്വഹിക്കുകയും ചെയ്യു ന്നു. ഇതിനൊക്കെയും പുറമെ, പൊതുപ്രവർത്തനങ്ങളിലും ആത്മീയകാര്യങ്ങളിലും പങ്കെടുക്കുകയും ഇന്ത്യൻ മുസ്ലിംകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. തികച്ചും അത്ഭുതകരമായ കൃത്യനിർവ്വഹണം തന്നെയാണിതെല്ലാം. ആഗാഖാനുമായി അഭിപ്രായവ്യത്യാസമുള്ളവർക്ക്പോലും അദ്ദേഹത്തോടു മതിപ്പുളവാക്കാൻ പര്യാപ്തമാണിത്.

എന്നാൽ, ഇസ്ലാമിക ഐക്യത്തെ സംബന്ധിച്ച സർ മുഹമ്മദിൻെറ പ്രസ്താവന വായിച്ചതിനെ തുടർന്നു എന്നെ അലട്ടിത്തുടങ്ങിട്ടുള്ള പ്രശ്നം ഇതുമാത്രമാണ്: ഇതൊക്കെയും

ഈ ഐക്യത്തിന്ന നിരക്കുന്നവതന്നെയാണോ? വിശ്വാസികളുടെ പണം കുതിരപ്പന്തയത്തിന്നു് ചെലവാക്കുന്നതു പൂർണ്ണമായും ന്യായീകരിക്കപ്പെടുമായിരിക്കാം. അതൊരു നിസ്സാര കാര്യം മാത്രം! എന്നാൽ, ആഗാഖാനെറ കക്ഷി ഇസ്ലാമിക ഐക്യനിരയിൽപെട്ടതാണോ അല്ലേ എന്നുള്ളതാണ് പ്രശ്നം. ബോമ്പായിൽവച്ച് ആഗാഖാൻ തന്നെ സന്ദർശിച്ച സംഭവത്തെപററി മാർക്ട്വൈൻ എഴുതിയ കുറിപ്പ് മുമ്പൊരിക്കൽ ഞാൻ വായിച്ചതോർക്കുകയാണ്. മാർക്ട്വൈനെൻറ ഇന്ത്യൻ പരിചാരകൻ ഒരു ദിവസം അദ്ദേഹത്തിൻെറ ഹോട്ടൽമുറിയിൽ കടന്നു ചെന്നു അന്തം വിട്ടനിലയിൽ അറിയിച്ചുവത്രെ, അദ്ദേഹത്തെ കാണാൻ ദൈവം വന്നിരിക്കുന്നു എന്നു! അനേകർ ദൈവത്തോടു നിത്യവും പ്രാർത്ഥിക്കുന്നുണ്ട്. മാർക്ട്വൈൻ ആണെങ്കിൽ മതപരമായ പ്രകൃതത്തോടുകൂടിയ ഒരാളും. നമ്മിൽ ഓരോ ആളുകൾക്കും കുട്ടിക്കാലത്തെ പാഠങ്ങളുകളും ബുദ്ധിപരവും ആത്മീയവുമായ വികാസത്തിന്നും ഒത്തവിധം ദൈവത്തെക്കുറിച്ചുള്ള സ്വന്തമായ ധാരണകളുണ്ട്. പക്ഷെ, സർവ്വശക്തനായ ദൈവം പെട്ടെന്നങ്ങനെ കടന്നുവരാൻ പുറപ്പെട്ടാൽ പലരും ഞെട്ടിത്തെറിച്ചുപോകും! പെട്ടെന്നുണ്ടായ അന്ധാളിപ്പ് അകന്നപ്പോഴാം മാർക്ട്വൈൻ കണ്ടതു ആഗാഖാനെൻറ അംഗലാവണ്യത്തിൽ 'ദൈവം തമ്പുരാൻ' അദ്ദേഹത്തിൻെറ അടുത്തേയ്ക്ക് വരുന്നതാണ്!

ആഗാഖാനെ ദൈവമായി ചിത്രീകരിച്ചത് മാർക്ക്ട്വൈനെൻറ പരിചാരകൻ കാണിച്ച ഒരു വിഡ്ഢിത്തമാണെന്നതിനു സംശയമില്ല. ആഗാഖാനെ ഒരിക്കലും അതിന്ന ഉത്തരവാദിയാക്കിക്കൂടാ. ഞാനറിഞ്ഞേടത്തോളം അദ്ദേഹത്തിന്ന ഇത്തരം ദിവ്യവാദങ്ങളൊന്നുമില്ല. എങ്കിലും, അദ്ദേഹത്തിൽ ദൈവത്വമോ അർദ്ധദൈവത്വമോ ആരോപിക്കുന്ന ഒരു വലിയ വിഭാഗം വിഡ്ഢികളുണ്ടെന്നാണ് തോന്നുന്നത്. ആ വിഭാഗത്തിലെ ചില പ്രചാരകന്മാർ, അദ്ദേഹത്തെ ദൈവത്തിൻെറ ഒരു 'അവതാരം' ആയും ചിത്രീകരിക്കുന്നു. അപ്രകാരം ഹൃദയപൂർവ്വം വിശ്വസിക്കുന്നുവെങ്കിൽ അവർക്കങ്ങനെ ചെയ്യാനുള്ള എല്ലാ അവകാശങ്ങളുമുണ്ട്. എനിയ്ക്ക് അതിൽ ഒരാക്ഷേപവുമില്ല. പക്ഷെ, ഇതൊക്കെയും ഇസ്ലാമിൻെറ ഐക്യത്തിന്ന നിരക്കുന്നവ തന്നെയാണോ?

മലക്ക് ജിബ്‌രീലിന്നു് (Archangel Gabrial) തൻെറ അനുയായികളെ അഥവാ, അവരിൽ ചിലരെ, പരിചയപ്പെടുത്തിക്കൊടുക്കുന്ന 'ചീട്ടു'കളും കുറിപ്പുകളും ആഗാഖാൻ നൽകുന്നതു് സംബന്ധിച്ചുള്ള വിവരങ്ങൾ എന്നെ വളരെക്കാലം ഭ്രമിപ്പിച്ചുപോന്നൊരു കഥയാണു്! പരലോകത്തു്, അവർക്കു് സുഖവും ആശ്വാസവും ഉറപ്പിക്കാനാണത്രെ ഈ ചീട്ടു്! അങ്ങനെയാണു് കഥ തുടരുന്നതു്! ഈ കഥ ശരിയാണെന്നു് ഉറപ്പു് തരാനൊന്നും വയ്യ! എങ്കിലും യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമാണു് ഇതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. വൃത്തികെട്ട ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തു് കെട്ടുകഥകൾക്കു് ഒട്ടും സ്ഥാനമില്ല. ഒരു മാലാഖയുമായി ബന്ധപ്പെടുത്തുന്നതു പക്ഷെ, മോഹനമായ ഒരാശയംതന്നെ. സ്വർഗ്ഗത്തെ ഇങ്ങോട്ടടുപ്പിക്കാനുള്ള ഒരു ശ്രമം! ഇങ്ങു താഴെയുള്ള നമ്മുടെയെല്ലാം ജീവിതം കൂടുതൽ വർണ്ണപ്പകിട്ടുള്ളതാക്കി മാററാൻതന്നെ!

അത്രയും ആകർഷണീയമല്ലെങ്കിലും തികച്ചും അസാധാരണമായ മറെറാരു കഥ കൂടിയുണ്ടു്! മുമ്പൊരിക്കൽ കേട്ടതാണു്. ഒരമേരിക്കൻ സഞ്ചാരി എഴുതിയൊരു പുസ്തകത്തിലാണു് ഞാനതൊടുവിലായി കണ്ടതു്. കേണൽ അലക്സാണ്ടർ പൗവ്വൽ The Last Home of Mystery എന്ന തൻെറ പുസ്തകത്തിൽ ആഗാഖാനെ പരാമർശിച്ചു ഇങ്ങനെ പറയുന്നു:

''അദ്ദേഹത്തിൻെറ വിശുദ്ധത, അദ്ദേഹത്തിൻെറ അനുയായികളുടെ ദൃഷ്ടിയിൽ വളരെ ഉയർന്നതാണു് അദ്ദേഹം കുളിക്കുന്ന വെള്ളം വളരെ കരുതലോടെ സൂക്ഷിച്ചു വച്ചു, ബോംബെയിലെ ആഗാഖാൻ ഹാളിൽ കൊല്ലംതോറും നടത്തിവരാറുള്ള ചടങ്ങിൽ വിവിധ മുസ്ലിം കക്ഷിപ്രതിനിധികൾക്കു് വില്ക്കപ്പെടാറുണ്ടത്രെ. ഈ പുണ്യജലത്തിന്നു് നൽകപ്പെടേണ്ട വില ആഗാഖാൻെറ തൂക്കത്തിനൊത്ത സ്വർണ്ണമാണു്. ചടങ്ങിന്നു ഉപയോഗിക്കുന്ന തുക്കപ്പടികൾ ഒരു 'ഔൺസ്ട്രോയി'യുടെ ഭിന്നിതത്തോടു ഒപ്പിച്ചെടുത്തതാണു്. ആഗാഖാൻ കൊഴുത്തു ചീർത്ത കൊച്ചുമനുഷ്യനായിരിക്കയാൽ, അദ്ദേഹത്തിൻെറ കുളിവെള്ളത്തിന്നു് കൊടുക്കേണ്ടിവരുന്ന വില വളരെ കൂടിയതാവും''.

കേണൽപൗവ്വൽ പക്ഷെ തൻെറ വിവരണത്തിൽ പത്രപ്രവർത്തകൻെറതായ്പൊടിപ്പും ''തൊങ്ങലും'' വച്ചുകെട്ടിയിട്ടുണ്ടാവും. എന്നാൽ, ഈ കഥ പഴക്കമേറിയതും പലവുരു ആവർത്തിച്ചു പറയപ്പെട്ടതുമത്രെ. എൻെറ അറിവു വച്ചു പറഞ്ഞാൽ ഇന്നേവരെ ഖണ്ഡിക്കപ്പെട്ടിട്ടുമില്ല. ആഗാഖാന്നു തൻെറ കളിവെള്ളം ഇങ്ങനെ വിററുകാശാക്കാമെങ്കിൽ, ഇതൊക്കെലും മതത്തെ സേവിക്കലും ഉയർത്തിക്കാട്ടലുമാണെങ്കിൽ ആരുണ്ടിതിനെ ചോദ്യം ചെയ്യാൻ പോകുന്നു? 'ഭിന്നരുചിർഹി ലോകഃ' എന്നല്ലേ? എന്നാലും ഞാൻ ആശ്ചര്യപ്പെട്ടുപോകയാണ്. ഇതൊക്കെയും ഇസ്ലാമിൻെറ ഐക്യത്തെയും ഇസ്ലാമികജനാധിപത്യത്തെയും ശക്തിപ്പെടുത്തുന്നവതന്നെയാണോ?

മറെറാരു സംഭവംകൂടി എൻെറ ചിന്താമണ്ഡലത്തിൽ ഉയർന്നുവരികയാണ്. യുദ്ധാനന്തരം തുർക്കിയിൽ കമാൽ പാഷ ഗ്രീക്കുകാരെ അടിച്ചോടിച്ചു തൻെറ അധികാരം ഉറപ്പിച്ചശേഷമാണ് അതു. താൻ തന്നെ നിയമിച്ച പുതിയ ഖലീഫയുടെ നേരെയുണ്ടായ അദ്ദേഹത്തിൻെറ പെരുമാററത്തെ ചൊല്ലി പ്രതിഷേധം ഉയർന്നപ്പോഴും—വളരെ സൗമ്യമായ പ്രതിഷേധം– ആഗാഖാനിൽ നിന്നും ! കമാൽപാഷ ഇതു ഇംഗ്ലീഷുകാരുടെ ഗൂഢാലോചനയായി കണക്കാക്കി, ഇംഗ്ലണ്ടിന്നും ആഗാഖാന്നും കോൺസ്റ്റൻറിനോപ്പിളിലെ ചില പത്രപ്രവർത്തകന്മാർക്കും എതിരായി ഉടൻ ശക്തിമത്തായ എതിർപ്പുകൾ അഴിച്ചുവിട്ടു. ആഗാഖാൻെറ നേരെ അദ്ദേഹം സൗമ്യത കാണിച്ചില്ല. ബ്രിട്ടീഷ് ഗവമ്മെണ്ടിനോടും ഭരണവർഗ്ഗത്തോടും ആഗാഖാൻ പുലർത്തിപ്പോന്ന ദീർഘകാലത്തെ അടുത്ത ബന്ധത്തെകുറിച്ചു നീതിപൂർവ്വമല്ലാത്ത പരാമർശം നടത്തി. മുൻഖലീഫയുടെ മതപരമായ അധികാരത്തെ അനുസരിക്കുന്നതിൽ ആഗാഖാൻ നിഷ്കർഷകാണിച്ചിരുന്നില്ലെന്നുകൂടി അദ്ദേഹം ഊന്നിപ്പറഞ്ഞു. ആഗാഖാൻ മതത്തിൽനിന്നും തെററിപ്പിരിഞ്ഞ

കക്ഷിയിൽപ്പെട്ട ഒരാളല്ല എന്നു ചോദിക്കയുണ്ടായി! ഇതു കൂടാതെ മററു പലതും പറഞ്ഞു. ആഗാഖാനെ ഇടിച്ചു താഴ്ത്താനും ബ്രിട്ടിഷ് വിദേശനയത്തിൻെറ കൂട്ടുകാരനായി ചിത്രീകരിക്കാനും അങ്ങനെ തൻെറ ലക്ഷ്യം നേടുവാനും തന്നെ. ആഗാഖാൻെറ നീക്കത്തെ മറയാക്കിപ്പിടിച്ചുകൊണ്ടു അത്താതുർക്ക് പൗരാണികമായ ഖിലാഫത്തിനെ അവസാനിപ്പിക്കയും ചെയ്തു!

കമാൽപാഷയെ ഇസ്ലാമിൻെറ ഒരാധികാരികവക്താവായി കണക്കാക്കിക്കൂടാ. എന്തെന്നാൽ, അദ്ദേഹം ഇസ്ലാമിൻെറ ഒട്ടേറെ തത്വങ്ങളിൽനിന്നും ബോധപൂർവ്വം വ്യതിചലിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളാകട്ടെ രാഷ്ട്രീയവും. പക്ഷെ, അദ്ദേഹത്തിൻെറ വിമർശനങ്ങൾ ശക്തിമത്തായിരുന്നു.

ഞാനിതെഴുതുമ്പോഴും ആഗാഖാൻെറ വൈവിധ്യമാർന്ന വ്യക്തിത്വത്തിൻെറ മറെറാരുവശം കൂടി എൻെറ മുമ്പാകെ വരികയാണ്. അദ്ദേഹവുമായി വളരെ അടുത്തു ബന്ധപ്പെട്ട വൃത്തങ്ങളിൽനിന്നുള്ള ദൈനംദിന വിവരങ്ങളിൽപെട്ടതാകയാൽ അതു പക്ഷെ, വിലയേറിയതും പല രഹസ്യങ്ങളും വെളിപ്പെടുത്തുന്നതുമാണുതാനും. ലണ്ടനിലെ By Stander പത്രത്തിലാണതു പ്രത്യക്ഷപ്പെട്ടതു. New Statesman അതു എടുത്തുചേർക്കയുണ്ടായി. അതിലിംങ്ങനെ പറയുന്നു:

ആഗാഖാൻ ജീവിതത്തിലെ എല്ലാ നല്ല വസ്തുക്കളെയും ഇഷ്ടപ്പെടുന്ന ആളാണെങ്കിലും-ഒരു തീററക്കാരൻ (Gourmet) എന്നതിനു പുറമെ അദ്ദേഹത്തിനു സ്വന്തം പാചകനുമുണ്ടു— അദ്ദേഹത്തിൻെറ വ്യക്തിത്വം ഏറിയകൂറും ആദ്ധ്യാത്മികമാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തെ അടിച്ചു താഴ്ത്താൻ സാദ്ധ്യമല്ല. പക്ഷെ, നന്മയും തിന്മയും തമ്മിലുള്ള സം

ഘട്ടനത്തെക്കുറിച്ച അദ്ദേഹം ശരിക്കും ബോധവാനാണ് ! എന്തുതന്നെയായാലും ആഗാഖാൻ അതിസമർത്ഥനായ ഒരു സ്പോർട്സ്മാൻ ആണെന്നതിൽ തർക്കമില്ല. കഴിഞ്ഞ ദിവസമാണ് മി. ജാക്ക് ജോയൽ അദ്ദേഹത്തിന്നു ബഹറാമിൻെറ പേരിൽ ഒരു 'ബ്ലാങ്ക് ചെക്ക്' ഓഫർ ചെയ്തപ്പോൾ അദ്ദേഹമതു നിരാകരിച്ചതു. കഴിവുകെട്ട ഈ വാർദ്ധക്യകാലത്തു ഡർബി വിജയിയോടൊപ്പം നീങ്ങാനാണ് താനാഗ്രഹിക്കുന്നതെന്നാണ് അദ്ദേഹം മറുപടി നൽകിയതു. 'ആനന്ദകരമായ നാളാണതു' എന്നദ്ദേഹം പറയുമായിരുന്നു !

ഞാനൊരിക്കലും ആഗാഖാനുമായി നേരിട്ടു കണ്ടുമുട്ടിയിട്ടില്ല. അതു ഖേദകരവും തന്നെ. ഒരിക്കൽ മാത്രമാണ് അദ്ദേഹത്തെ ഞാൻ കണ്ടതു്. നിസ്സഹകരണപ്രസ്ഥാനത്തിൻെറ ആദ്യകാലങ്ങളിൽ ബോംബെയിൽ ചേർന്ന ഒരു ഖിലാഫത്തുപ്രചരണയോഗത്തിൽവച്ച്. പ്ലാററ്ഫോറത്തിൽ അകലെയൊരിടത്ത് ഞാനിരിക്കയായിരുന്നു. എന്നാൽ, ആകർഷണീയനായ ആ അസാധാരണവ്യക്തിയെ അന്നങ്ങനെ ഒരു നോക്ക് കണ്ടതുകൊണ്ട് മാത്രം എനിക്ക് തൃപ്തി വന്നിട്ടില്ല. കൗതുകാവഹമായ അദ്ദേഹത്തിൻെറ സ്വഭാവവിശേഷങ്ങളും, വൈവിധ്യമാർന്ന അനേകം റോളുകൾ —പതിമൂന്നാം നൂററാണ്ടും ഇരുപതാം നൂററാണ്ടും, മക്കയും ന്യൂമാർക്കററും, ഈ ലോകവും പരലോകവും, ആദ്ധ്യാത്മികതയും കുതിരപ്പന്തയവും രാഷ്ട്രീയവും സുഖഭോഗതൽപരതയും!– സമന്വയിച്ച വർണ്ണശബളമായ ആ വ്യക്തിവിലാസത്തിൻെറ രഹസ്യങ്ങളും എന്തെന്നു കണ്ടുപിടിക്കാൻ ഞാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. ഇതൊക്കെയും ഉൾക്കൊള്ളാൻ കഴിയുന്ന ഇസ്ലാമിൻെറ അവിച്ഛിന്നതയും ഐക്യദാർഢ്യവും അതിവിചിത്രംതന്നെ!

പക്ഷെ, സർ മുഹമ്മദ് ഇഖ്ബാലിൻെറ പ്രസ്താവനയിൽക്കൂടി നോക്കിയപ്പോൾ എന്നിൽ പിന്നെയും സംശ

യങ്ങൾ ഉദിച്ചുപൊങ്ങുകയാണ്. കാരണം, സർ മുഹമ്മദിന്ന് വിയോജിപ്പുകാരോട് ഒട്ടും സ്നേഹമില്ലെന്നാണ് തോന്നുന്നത്. കടുത്ത യാഥാസ്ഥിതികത്വത്തിന്റെ കടുസ്സായ പാതയിലാണ് അദ്ദേഹം വിശ്വസിക്കുന്നത്. ഇതിൽനിന്ന് അകന്നുപോയവർ തന്റെ താവളത്തിൽനിന്ന് ഉടൻ മാറിക്കൊള്ളണമത്രെ! അപ്പോൾ, എന്റെ സംശയങ്ങൾക്കും വിഷമങ്ങൾക്കും എന്താണൊരു നിവൃത്തിമാർഗ്ഗം? ഈ കടംകഥയ്ക്ക് സർ മുഹമ്മദ് തന്നെ ഉത്തരം നൽകുമോ?

III

# പണ്ഡിററ് നെഹറുവിന്ന് ഇഖ്ബാലിൻെറ കത്ത്

'മോഡേൺ റവ്യു'വിൽ പണ്ഡിററ് നെഹ്റു എഴുതിയ ലേഖനങ്ങളെ തുടർന്ന സർ മുഹമ്മദ് ഇഖ്ബാൽ നെഹറുവിന്നയച്ച ഒരു കത്താണ് ചുവടെ ചേർക്കുന്നത്: നെഹറുവിൻെറ ''ഒരുകൂട്ടം പഴയകത്തുകൾ'' (A Bunch of Letters) എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഈ കത്ത്. അഹ്മദിയ്യാ പ്രശ്നത്തിന്ന് ചിന്തകലോകത്തുള്ള പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് നെഹ്റു ഇഖ്ബാലിൻെറ ഈ കത്ത് തെരഞ്ഞുപിടിച്ച് സുപ്രധാനരേഖയെന്നോണം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

ഇത് തർജ്ജമചെയ്തത് ഡോ. സുകുമാർ അഴീക്കോട്, ശ്രീ. തായാട്ടു ശങ്കരൻ എന്നിവരാണ്.

—ലാഹൗർ, 1936 ജൂൺ 21

പ്രിയപ്പെട്ട പണ്ഡിററ് ജവഹർലാൽ,

താങ്കളുടെ എഴുത്ത് ഇന്നലെ കിട്ടി; വളരെ നന്ദി. താങ്കളുടെ ലേഖനത്തിന്ന മറുപടി എഴുതിയപ്പോൾ ഞാൻ ധരിച്ചിരുന്നതു അഹ്മദിയ്യാക്കാരുടെ രാഷ്ട്രീയമനോഭാവത്തെക്കുറിച്ച് തിങ്കൾക്ക് ഒരു വിവരവുമില്ലെന്നാണ്. ഞാനിന്ന് ഒരു മറുപടിയെഴുതിയതു പ്രധാനമായും, മുസ്ലിംകളുടെ കൂറിൻെറ പ്രഭവസ്ഥാനമെന്തെന്നും അഹ്മദിയരെ സംബന്ധിച്ചേടത്തോളം അതെങ്ങനെ ദിവ്യവെളിപാടിൻെറ അടിസ്ഥാനത്തിൽ ഒതുങ്ങിനിൽക്കുന്നുവെന്നും കാണിക്കാൻ—പ്രത്യേകിച്ച താങ്കളെ ബോദ്ധ്യപ്പെടുത്താൻ—ആണ്. അതു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞപ്പോഴാകട്ടെ, അഹ്മദിയ്യാസിദ്ധാന്തത്തിന്ന് രൂപം കൊടുത്ത ചരിത്രപരമായ കാരണങ്ങളെക്കുറിച്ച് അഭ്യസ്ഥവിദ്യരായ മുസ്ലിംകൾക്കുപോലും യാതൊരു വിവരവുമില്ലെന്ന് കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി.

ഇതിന്നുംപുറമെ, ആ ലേഖനത്തെചൊല്ലി, താങ്കൾ അഹ്മദിയ്യാപ്രസ്ഥാനത്തോട് സഹാനുഭൂതി കാണിക്കുന്നുവെന്നു കരുതി, പഞ്ചാബിലും പുറത്തുമുള്ള താങ്കളുടെ മുസ്ലിം ആരാധകന്മാർ വല്ലാതെ അസ്വസ്ഥരായിരുന്നു. താങ്കളുടെ ലേഖനത്തിൽ അഹ്മദിയ്യാക്കൾ ആനന്ദംകൊണ്ടു മതിമറന്നിരുന്നു എന്നതാണ് ഇതിന്ന് കാരണം. താങ്കളെകുറിച്ചുള്ള ഈ തെററിദ്ധാരണ പരത്തിയതിൽ പ്രധാന ഉത്തരവാദിത്വം അഹ്മദിയ്യാ പത്രങ്ങൾക്കാണ്. ഏതായാലും എൻെറ ധാരണ തെററായിരുന്നുവെന്നു കാണുന്നതിൽ എനിയ്ക്ക് സന്തോഷമുണ്ട്. ഇത്തരം മതവിശ്വാസകാര്യങ്ങളിൽ എനിക്ക് സ്വതേ വലിയ താൽപര്യമൊന്നുമില്ല. പക്ഷെ, അഹ്മദിയ്യക്കാരെ അവരുടെതന്നെരംഗത്ത് വച്ചു നേരിടേണ്ടിവന്നതുകൊണ്ട് അതുമായി കുറച്ചു കെട്ടിമറിയേണ്ടിവന്നുവെന്നേയുള്ളു. ഇസ്ലാമിനെയും ഇന്ത്യയെയും കുറിച്ചു ഏററവും ഉൽകൃഷ്ടമായ ഉദ്ദേശം വച്ചുകൊണ്ടാണ് ഞാൻ അതെഴുതിയതെന്ന് ഉറപ്പ് പറഞ്ഞുകൊള്ളട്ടെ. അഹ്മദിയ്യക്കാർ ഇസ്ലാമിൻെറയും ഇന്ത്യയുടെയും വഞ്ചകന്മാരാണെന്നു കാര്യത്തിൽ എനിയ്ക്ക് സംശയമേ ഇല്ല.

സ്നേഹപൂർവ്വം താങ്കളുടെ,
മുഹമ്മദ് ഇഖ്ബാൽ

---

* അഹ്മദികൾക്ക് ഭാരതം അവരുടെ പ്രസ്ഥാനസ്ഥാപകർ പിറവിയെടുത്ത പുണ്യഭൂമിയാണ്. അതിനെ അവർ വഞ്ചിയ്ക്കുമെന്നോ? പിന്നെ, ഇസ്ലാമിനോട് അവർക്ക് എന്തു ബന്ധമാണുള്ളതെന്നു ചരിത്രം തെളിയിച്ചുകൊള്ളും. — പരി.